# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3680    17.10.2011-ൽ മറുപടിയ്ക്ക്

## ജലസേചന പദ്ധതികളുടെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ.സാജു പോൾ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.പി.റ്റി.എ.റഹീം | ശ്രീ. പി.ജെ.ജോസഫ്<br>( ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജലസേചന പദ്ധതികളുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ്; | (എ) ഉണ്ട്. ഇടമലയാർ, മൂവാറ്റുപുഴ എന്നീ ജലസേചന പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ 10.10.11 ൽ യോഗം ചേർന്നു.<br>കാരാപ്പുഴ, ബാണാസുരസാഗർ പദ്ധതികളുടെ അവലോകനയോഗം 11.07.11 ൽ തിരുവനന്തപുരത്തും, കുറ്റ്യാടി ജലസേചനപദ്ധതി അവലോകനയോഗം 14.06.11 ൽ കോഴിക്കോട് കലക്ടറുടെ കോൺഫറൻസ് ഹാളിലും പഴശ്ശി പദ്ധതി അവലോകനയോഗം 07.07.11 ൽ കണ്ണൂർ ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിലും ചമ്രവട്ടം പദ്ധതി, തൃത്താല പദ്ധതി എന്നിവയുടെ അവലോകനയോഗം 14.06.11 ൽ മലപ്പുറം ജില്ലാ കലക്ടറുടെ കോൺഫറൻസ് ഹാളിലും മലമ്പുഴ, മംഗലം, പോത്തുണ്ടി, വാളയാർ, ഗായത്രി, ചിറ്റൂർപ്പുഴ, കാഞ്ഞിരപ്പുഴ, |

പലക്പാണ്ടി എന്നീ പദ്ധതികളുടെ അവലോകന യോഗം 01.07.11 ൽ പാലക്കാട് ജില്ലാ കലക്ടറുടെ കോൺഫറൻസ് ഹാളിലും ചേർന്നു. 04/02/2011 ൽ ബഹു.ജലവിഭവ വകുപ്പു മന്ത്രി ചിത്രവട്ടം പദ്ധതിയുടെ പുരോഗതിയും അവലോകനം നടത്തുകയുണ്ടായി.

(ബി) ലക്ഷ്യപ്രാപ്തിയും പുരോഗതിയും വിശദമാക്കാമോ; പുരോഗതി വിലയിരുത്തിയ യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ?

(ബി) ഇടമലയാർ പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ :

ഈ പദ്ധതികളുടെ 32.278 കി.മീ പ്രധാന കനാലിന്റെ 86.9 % പണികളും പൂർത്തീകരിച്ചു. ബാക്കി പണികൾ പുരോഗമിക്കുന്നു. ലോലെവൽ, ലിങ്ക് എന്നീ കനാലുകളുടെ പണികളും ദർഘാസ് ക്ഷണിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഈ പദ്ധതിയുടെ പ്രധാന കനാലിന്റെയും ലോലെവൽ കനാലിന്റെ 15 കി.മീ പൂർത്തിയാകുന്നതോടെ ഏകദേശം 3000 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിക്കായി 352.70 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശം 300 കോടി രൂപ കൂടി ആവശ്യമുണ്ട്. 2012-ഓടുകൂടി പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>മൂവാറ്റുപുഴ നദീതട പദ്ധതി സംബന്ധിച്ച വിവരങ്ങൾ:</u>

എം.വി.ഐ.പിയുടെ ഡാമും ഇടതുകര മെയിൻ കനാലും പണികൾ പൂർത്തീകരിച്ചു. 88% ബ്രാഞ്ച് കനാലുകളുടെയും, 72% ഡിസ്ട്രിബ്യൂട്ടറികളുടെയും പണികൾ പൂർത്തിയായി. ഈ പദ്ധതിക്ക് കേന്ദ്ര സഹായം 2000-2001 വർഷത്തിൽ ലഭിച്ചു തുടങ്ങി. എം.വി.ഐ.പി.യിൽ ഇതുവരെ 30971 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനാവശ്യമായ കനാലുകളുടെ നിർമ്മാണം പൂർത്തിയാക്കി.

ഇതുവരെയുള്ള കണക്കനുസരിച്ച് 804 കോടി രൂപ ഈ പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതി 12/2012ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാരാപ്പുഴ, ബാണാസുരസാഗർ, കുറ്റ്യാടി, പഴശ്ശി, ചമ്രവട്ടം, തൃത്താല, മലമ്പുഴ, മംഗലം, പോത്തുണ്ടി, വാളയാർ, ഗായത്രി, ചിറ്റൂർപ്പുഴ, പലകപാണ്ടി എന്നീ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങളും പുരോഗതി വിലയിരുത്തിയ യോഗങ്ങളുടെ മിനിട്സും ശേഖരിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ